## (72.) പൂങ്കാവ് സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

പഴമയുടെ പ്രൗഢീസംസ്കാരം പേറിനിൽക്കുന്ന പുണ്യഭൂമിയായ പത്തനംതിട്ടയുടെ കിഴക്കൻ മലയോര പ്രദേശഭാഗമായ പൂങ്കാവിന്റെ ഹൃദയഭാഗത്ത് തലയെടുപ്പോടെ നിലകൊള്ളുന്ന സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയം. ചരിത്രത്താളുകളിൽ പൂങ്കാവ് എന്ന മനോഹര ദേശത്തെ വിശേഷിപ്പിച്ചിരിക്കുന്നത് തികച്ചും അവർണ്ണനീയമാണ്. പന്തളം മഹാരാജാവായിരുന്ന വലിയകോയിക്കൽ തിരുമനസ്സുകൊണ്ട് പുഷ്പാലംകൃതമായ ഈ പ്രദേശത്തെ "പൂങ്കാവനം" എന്നു സംബോധന ചെയ്തത് പിൽക്കാലത്ത് പൂങ്കാവ് ആയി മാറിയെന്നതും ചരിത്രം.

ശാന്തസുന്ദരമായ ഈ ഗ്രാമത്തിന്റെ സിരാകേന്ദ്രത്ത് പ്രകാശപൂരിതയായി നിലകൊള്ളുന്ന സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, തമ്പുരാന്റെ പുണ്യജനനി പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ സ്ഥിതി ചെയ്യുന്ന വിശുദ്ധ ദൈവാലയം. അനുതാപത്തോടെ അണയുന്ന ഭക്തജനങ്ങൾക്കു അനുഗ്രഹത്തിന്റെ നിലയ്ക്കാത്ത ഉറവയാണ്. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഈ ദൈവാലയം ഇന്നു കാണുന്ന മനോഹാരിതയിലേക്കും പ്രശസ്തിയിലേക്കുമൊക്കെ എത്തിയതിനു പിന്നിൽ പൂർവ്വീകരുടെ ത്യാഗോജ്ജ്വലവും നിസ്വാർത്ഥവുമായ പ്രവർത്തനവും പ്രാർത്ഥനയും ഉണ്ടെന്നത് വിസ്മരിക്കാനാവുന്നതല്ല. പുതിയ തലമുറയ്ക്ക് ചിരപരിചിതമല്ലാത്തതും മറന്നുപോകാൻ പാടില്ലാത്തതുമായ ദൈവാലയ ചരിത്രം, വാമൊഴിയായും വരമൊഴിയായും കൈവന്ന ചേർക്കലുകൾ, തങ്ങളുടെ ഹൃദയഭിത്തികളിൽ സുവർണ ലിപികളാൽ കോറിയിടേണ്ടതുണ്ട്.

ഭാരതം സ്വാതന്ത്ര്യലബ്ധി നേടുന്നതിനു ഏതാനം മാസങ്ങൾക്ക് മുമ്പ് 1947 ജനുവരി 10-ാം തീയതി പൂങ്കാവ് എന്ന അനുഗ്രഹീത ദേശത്ത് സമസ്ത ദൈവികതയും തന്നിലേക്കാവാഹിച്ച് പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ഒരു കൂട്ടായ്മ സ്ഥാപിക്കപ്പെട്ടു. പ്രദേശവാസിയായ പ്ലാവേലിൽ ശ്രീ.ഗീവർഗീസിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയാണ് ഇടവകയ്ക്കുവേണ്ടി വാങ്ങിയത്. അതിൽ ഏകദേശം മുപ്പത് അടി വീതിയും അറുപത് അടിനീളവുമുള്ള ഒരു ദൈവാലയം പണികഴിപ്പിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ പൂങ്കാവ് പ്രദേശത്ത് വളരെ കുറച്ച് കത്തോലിക്കാ വിശ്വാസികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർ ആത്മീയതയുടെയും അർപ്പണബോധത്തിന്റെയും ഉദാത്തമാതൃകകൾ ആയിരുന്നു.

ആദ്യകാലങ്ങളിൽ സ്ഥിരമായ വികാരിമാരുടെ സേവനം ഇടവകയ്ക്കു ലഭിച്ചിരുന്നില്ല. 1949 ജനുവരി 20-ാം തീയതി ഫാ.കെ.തോമസ് ആമ്പിശ്ശേരിൽ ഇടവകയുടെ ആദ്യ വികാരിയായി സ്ഥാനമേറ്റു. തന്റെ ആടുകളുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിലും സംരക്ഷിക്കുന്നതിലും അദ്ദേഹം സദാ ജാഗരൂകനായിരുന്നു. കേവലം ഒരു വർഷക്കാലം മാത്രമേ അദ്ദേഹത്തിന്റെ സേവനം ഇടവകയ്ക്കു ലഭിച്ചുള്ളൂ. ശേഷം 1950 സെപ്റ്റംബർ 6-ാം തീയതി ഫാ.ഗീവറുഗീസ് ചരുവിലേത്ത് വികാരിയായി. അദ്ദേഹത്തിന്റെ നിസ്തുലസേവനം ഈ കൂട്ടായ്മയുടെ വളർച്ചയ്ക്കും ഉന്നമനത്തിനും ഗണ്യമായ പങ്ക് വഹിച്ചു എന്നു പറയാതെ വയ്യ. തുടർന്ന് 1952 ഡിസംബർ 13-ാം തീയതി ഫാ. ജോസഫ് വടക്കേക്കൂറ്റ് വികാരിയായി നിയമിതനായി. അർപ്പണബോധമുള്ള ഒരു വൈദികനായിരുന്നു അദ്ദേഹം. തന്റെ ഇടവകയിലെ വിശ്വാസികളുടെ ആത്മീയശുശ്രൂഷ നിർവഹിക്കുന്നതിലും ഇടവക ജനങ്ങളോടുള്ള സ്നേഹബന്ധം കാത്തുസൂക്ഷിക്കുന്നതിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഈ കാലയളവിൽ അച്ചന്റെ നേതൃത്വത്തിൽ ദൈവാലയത്തിന്റെ കിഴക്കുഭാഗത്ത് ഒരു കൽക്കുരിശ് സ്ഥാപിക്കുകയും, അതേത്തുടർന്ന് സമീപവാസികളിൽ ചിലർക്കുണ്ടായ അതൃപ്തിയും എതിർപ്പും, തർക്കത്തിലേക്കു കോടതിവ്യവഹാരത്തിലേക്കും വഴിതെളിക്കുകയും ചെയ്തു. ദൈവകൃപയാൽ കോടതിവിധി ഇടവകയ്ക്കു അനുകൂലമായി ലഭിച്ചു. എന്നാൽ പ്രദേശത്തെ വികസനത്തിനു കൽക്കുരിശിരിക്കുന്ന ഭാഗമുൾപ്പടെ വിഘ്നം സൃഷ്ടിക്കുന്നതായി മനസ്സിലാക്കിയ അച്ചൻ, ലാഭേച്ഛ കൂടാതെ പ്രസ്തുത സ്ഥലം പൊതുമരാമത്തിനു കൈമാറി. ഇന്നു കാണുന്ന പൂങ്കാവ്-കുമ്പഴ റോഡിന്റെ വികസനത്തിനു വടക്കേക്കൂറ്റ് അച്ചന്റെ നേതൃപാടവം തികച്ചും മുതൽക്കൂട്ടാണ്. അനുകൂലമായ കോടതിവിധിയ്ക്കുശേഷം കൽക്കുരിശ്, തെങ്ങുംകാവ് പ്രദേശത്തേക്കു മാറ്റി

സ്ഥാപിക്കുകയും പിന്നീട് വിശുദ്ധ യൂദാതദേവൂസിന്റെ നാമധേയത്തിൽ കുരിശ്ശൂടി പുനഃപ്രതിഷ്ഠിക്കുകയും ചെയ്തു. നാനാജാതി മതസ്ഥരായ പ്രദേശവാസികൾ വിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹം പ്രാപിച്ചു കൊണ്ടിരിക്കുന്നു.

വടക്കേക്കുറ്റച്ചനെ തുടർന്ന് ഫാ.മാത്യു പുറവടി വികാരിയായി. വൈദികൻ എന്നതിലുപരി തികഞ്ഞ സാമൂഹിക പ്രവർത്തകനായ അദ്ദേഹം പുങ്കാവ് പൊതുകമ്പോളത്തിന്റെയും പോസ്റ്റോഫീസിന്റെയും മുഖ്യസൂത്രധാരകൻ കൂടിയായിരുന്നു. ഇടവകയ്ക്കു സാമൂഹിക ബന്ധം സ്ഥാപിക്കുന്നതിൽ അദ്ദേഹം തന്റേതായ പങ്കുവഹിച്ചിരുന്നു.

പിന്നീട്, ഫാ.സിറിയക് മണവാളൻ, ഫാ.ഇടിക്കുള പാണ്ടിയേത്ത്, ഫാ.ഉമ്മൻ അയ്യനേത്ത്, ഫാ.ജോർജ്ജ് പ്ലാവിളയിൽ എന്നീ വന്ദ്യ വൈദീകരുടെ സേവനവും ഇടവകയെ ആദ്ധ്യാത്മിക ചൈതന്യമുള്ള ഒരു കൂട്ടായ്മയായി വളർത്തുന്നതിനുസഹായിച്ചു എന്നതിൽ തർക്കമില്ല.

**ബഥനി സന്ന്യാസ സമൂഹവും പൂങ്കാവ് ഇടവകയും**

1966 ജൂലൈ 31-ാം തീയതി ഫാ.പക്കോമിയോസ് ഒ.ഐ.സി. സ്ഥാനമേറ്റതോടുകൂടി ബഥനി സന്ന്യാസസമുഹം പൂങ്കാവ് ഇടവകയുടെ സാരഥ്യം ഏൽക്കുകയായിരുന്നു. ഇടവകയ്ക്കു ആത്മീയവും ഭൗതികവുമായ ഉണർവ്വ് നൽകുന്നതിനു അദ്ദേഹത്തിന്റെ പ്രവർത്തനം ഏറെ സഹായിച്ചിരുന്നു. ആദ്ധ്യാത്മികതയിൽ ഊന്നിയുള്ള ത്വരിതമായ മുന്നേറ്റമായിരുന്നു ഇടവകയ്ക്കു കാലം കാത്തുവച്ചിരുന്നത്. ശേഷം 1968 ജൂലൈ 18-ാംതീയതി ഫാ.സ്റ്റൻസിലാവോസ് ഒ.ഐ.സി. വികാരിയായി. ദൈവാലയ ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടത് അദ്ദേഹത്തിന്റെ കാലത്തായിരുന്നു. തുടർന്ന് 1970 മെയ് 15-ാം തീയതി ഡാമിയൻ ഒ.ഐ.സി.വികാരിയായി ചുമതലയേറ്റു. ഇടവക രൂപത്തിലും ഭാവത്തിലും വലിയ പരിവർത്തനങ്ങൾ ഉൾക്കൊണ്ട കാലമായിരുന്നു പിന്നീട്. മുൻവികാരി തുടങ്ങിവച്ച ചുറ്റുമതിൽ നിർമ്മാണം അദ്ദേഹം പൂർത്തീകരിച്ചു. ചുറ്റുമതിലിനോടു ചേർന്ന് മനോഹരമായ ഒരു കുരിശ്ശടിയും അദ്ദേഹം നിർമ്മിച്ചു. കമനാകൃതിയിലുള്ള ഈ കുരിശ്ശടി ഇന്നും സമാനതകളില്ലാതെ നിലകൊള്ളുന്നു. 1972 മാർച്ച് 2-ാം തീയതി ഇടവക സെമിത്തേരിയുടെ പണികൾ പൂർത്തീകരിക്കുകയും, അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ട് ആശീർവദിക്കുകയും ചെയ്തു. കൂടാതെ ഒരു പുതിയ ദൈവാലയം നിർമ്മിക്കുന്നതിന്റെ ആവശ്യകത അദ്ദേഹത്തിന്റെ മനോമുകരത്തിൽ തെളിയുകയും തന്റെ ഇടവക ജനങ്ങളെ അതറിയിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സേവനത്തെ തുടർന്ന് 1974 ഓഗസ്റ്റ് 22-ാം തീയതി ഫാ.സെലസ്റ്റീൻ ഒ.ഐ.സി. ചുമതലയേറ്റു. ഇടവകയുടെ ആത്മീയ വളർച്ചയ്ക്കു അദ്ദേഹത്തിന്റെ താൽപര്യം ശ്ലാഘനീയമാണ്.

പ്രതിസന്ധികൾക്കു നടുവിൽ ഇസ്രായേലിനു പകൽ മേഘസ്തംഭമായും രാത്രി അഗ്നിത്തൂണായും കൂട്ടായിരുന്നതുപോലെ, പൂങ്കാവ് ഇടവക പ്രതികൂല സാഹചര്യങ്ങളിൽകൂടി കടന്നു പോയപ്പോൾ ദൈവനിയോഗം പോലെ ഫാ.ഡാമിയൻ ഒ.ഐ.സി. വീണ്ടും അജപാലനത്തിനായി കടന്നു വന്നു. താൻ തുടങ്ങിവച്ച ദൈവാലയ നിർമാണ നടപടികൾ അദ്ദേഹം പുനരാരംഭിച്ചു. 1980 സെപ്റ്റംബർ 15-ാം തീയതി അഭിവന്ദ്യ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ദൈവാലയ ശിലാസ്ഥാപനം നിർവഹിച്ചു. ദൈവാശ്രയത്വവും കഠിനാധ്വാനവും മാത്രം കൈമുതലായുള്ള ഒരു ചെറിയ സമൂഹമായിരുന്നു അന്നിവിടെ ഉണ്ടായിരുന്നത്. സാങ്കേതികവിദ്യകളും നിർമ്മാണമേഖലയും വളരുന്നതിനു വളരെക്കാലം മുമ്പ് ഒരു കാർഷിക കൂട്ടായ്മ. അവരുടെ അധ്വാനത്തിന്റെയും വിയർപ്പിന്റെയും ഫലം നൽകി കെട്ടിയുയർത്തിയ ഒരു ദൈവാലയമാണ് ഇന്നിവിടെ കാണപ്പെടുന്നത്. സാമ്പത്തികമായി ചിലർ സഹായിച്ചപ്പോൾ മറ്റു ചിലർ ശാരീരിക അദ്ധ്വാനത്തിലൂടെയും നിരന്തര പ്രാർത്ഥനകളിലൂടെയും ദൈവാലയ നിർമ്മാണത്തിൽ പങ്കാളികളായി. നിരവധി അകത്തോലിക്കാ വിശ്വാസികളുടെ സഹായഹസ്തങ്ങൾ നിർമ്മാണത്തിലുടനീളം കൂട്ടായുണ്ടായിരുന്നു എന്നു എടുത്തുപറയേണ്ടിയിരിക്കുന്നു. അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൂദാതദേവൂസിന്റെയും പരിശുദ്ധ

ദൈവമാതാവിന്റെയും നാമധേയത്തിലാണ് പുതിയ ദൈവാലയം സ്ഥാപിച്ചത്. ഏകദേശം 90 അടി നീളവും 40 അടി വീതിയുമുള്ള മനോഹരമായ ദൈവാലയം, ഏതാണ്ട് നാലു വർഷത്തിനുശേഷം 1984 സെപ്റ്റംബർ 29-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ അനുഗ്രഹീത കരങ്ങളാൽ കൂദാശ ചെയ്യപ്പെട്ട് ദൈവജനത്തിനു സമർപ്പിക്കപ്പെട്ടു.

ഡാമിയൻ അച്ചന്റെ ത്യാഗോജ്ജ്വലമായ നേതൃത്വത്തിനുശേഷം ഫാ.പയസ് ഒ.ഐ.സി., ഫാ.പീറ്റർ ജോൺ ഒ.ഐ.സി., ഫാ.ബേസിൽ ഒ.ഐ.സി., റവ.ഫാ.വറുഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി. എന്നിവരുടെ സേവനവും ഇടവകയ്ക്കു ശക്തമായ മുന്നേറ്റത്തിനു കാരണമായി. ഇടവകയുടെ വികസനപ്രവർത്തനങ്ങൾക്കു അനുയോജ്യമായ ഒരു സന്യാസിവര്യന്റെ സാന്നിധ്യം ആവശ്യമായതുകൊണ്ടാകാം ദൈവേഷ്ടപ്രകാരം ഫാ.ഡാമിയൻ ഒ.ഐ.സി. മൂന്നാമതും കടന്നു വന്നത്. തന്റെ ഇടവകയുടെ സർവതോന്മുഖമായ വളർച്ചയിൽ സദാ ജാഗരുകനായിരുന്ന അദ്ദേഹം, ഒരു പാരീഷ്ഹാളിന്റെ അഭാവം തിരിച്ചറിയുകയും 1997-ൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 1999 ഒക്ടോബർ 10-നു അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമനസ്സുകൊണ്ട് പാരീഷ്ഹാളിന്റെ കൂദാശാ കർമ്മം നിർവഹിച്ച് ഇടവകയ്ക്കു സമർപ്പിച്ചു. ഇത് ഇടവകയുടെ വരുമാനം ഗണ്യമായി വർദ്ധിക്കുന്നതിനും അതുവഴി ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുന്നതിനും സഹായകരമായി. മൂന്ന് തവണയായി ഏകദേശം 17 വർഷങ്ങളോളം അതീവ ത്യാഗ മനോഭാവത്തോടെ ഇടവക വികാരിയായും അതോടൊപ്പം ദൈവാലയ നിർമ്മാണത്തിലും വളർച്ചയ്ക്കും അക്ഷീണം പ്രയത്നിച്ച ആത്മീയ ആചാര്യനായ ഡാമിയൻ അച്ചന്റെ ആത്മസമർപ്പണം വിസ്മരിക്കാനാവില്ല.

2000 ജൂലൈ 16-ാം തീയതി ഫാ.ഡാനിയേൽ ചേന്നാത്ത് ഒ.ഐ.സി. വികാരിയായി ചുമതലയേറ്റു. ഈ കാലയളവിലാണ് ദൈവാലയ സെമിത്തേരിയുടെ ഭാഗമായി പുതിയ സെല്ലാർ പണി കഴിപ്പിച്ചത്. കൂടാതെ പാരീഷ്ഹാൾ വിപുലമാക്കുകയും, അതിനോട് ചേർന്ന് ഓഫീസ് കെട്ടിടം നിർമ്മിക്കുകയും ചെയ്തു. പിന്നീട് ഫാ.ജറോം പീടികപറമ്പിൽ ഒ.ഐ.സി. വികാരിയായി. മദ്ബഹായിൽ തിരുവത്താഴത്തിന്റെ മനോഹരമായ ഛായചിത്രവും, ഹൈക്കലായിൽ വിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ യൂദാതദേവൂസിന്റെയും ചിത്രങ്ങളും സ്ഥാപിച്ചത് ഈ കാലയളവിലാണ്. തുടർന്ന് 2006-ൽ ഫാ.ടൈറ്റസ് ജോൺ ഒ.ഐ.സി. സ്ഥാനമേറ്റു. അദ്ദേഹം ദൈവാലയത്തിനകം പൂർണ്ണമായും സീലിംഗ് നടത്തി മനോഹരമാക്കി തീർത്തു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ദൈവാലയ അങ്കണത്തിൽ അമലോത്ഭവമാതാവിന്റെ ആകർഷകമായ ഒരു ഗ്രോട്ടോ പണിയുകയും അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമനസ്സുകൊണ്ട് അതിന്റെ കൂദാശാകർമ്മം നിർവഹിക്കുകയും ചെയ്തു. അച്ചന്റെ കാലത്താണ് ഇടവകതിരുനാളും പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാളും സംയുക്തമായി ആഘോഷിക്കാൻ തുടങ്ങിയത്. നാനാജാതി മതസ്ഥരായ അനേകർ അമ്മയുടെ മദ്ധ്യസ്ഥതയിൽ അനുഗ്രഹം പ്രാപിക്കുന്നു.

2009 മെയ് 31-ാം തീയതി ഫാ.തോമസ് ജോർജ്ജ് ഒ.ഐ.സി. വികാരിയായി ചുമതലയേറ്റു. അദ്ദേഹത്തിന്റെ സജീവ സാന്നിധ്യം ഇടവകയ്ക്കും പ്രത്യേകിച്ച് യുവജനങ്ങൾക്കും പുത്തൻ ഉണർവ്വ് പകർന്നു നൽകുന്നതായിരുന്നു. ഈ കാലയളവിലാണ് പരിശുദ്ധ മദ്ബഹ പുനരുദ്ധരിക്കുകയും പുതിയ ത്രോണോസ് പണികഴിപ്പിക്കുകയും ചെയ്തത്. ഇടവകയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനായി "ആവേ മരിയ" എന്ന പേരിൽ ബൃഹത്തായ ഒരു വ്യാപാരസമുച്ചയം പണിയുകയും ചെയ്തു.

തുടർന്ന് 2018 ജൂൺ 2-ാം തീയതി ഫാ.ബാബു മൈക്കിൾ ഒ.ഐ.സി. ഇടവകവികാരിയായി. അദ്ദേഹത്തിന്റെ പ്രാർത്ഥനാപൂർണമായ ജീവിതം ഇടവക കൂട്ടായ്മയ്ക്ക് എക്കാലവും മാതൃകയും പ്രചോദനവുമാണെന്നത് നിസ്സംശയം പറയാം. അദ്ദേഹത്തിനുശേഷം 2015 ജനുവരി 7-ാം തീയതി ഫാ.ആന്റണി കല്ലിൽ ഒ.ഐ.സി. ചുമതലയേറ്റെടുത്തു. കാലഘട്ടത്തിനനുരൂപരായ ഇടയന്മാരെ ദൈവം തന്റെ ജനത്തെ നയിക്കുവാൻ അയക്കാറുണ്ട്. തന്റെ ഇടവക ജനങ്ങളെ മരിയൻ ഭക്തിയിലേക്കു കൂടുതൽ അടുപ്പിക്കുന്നതിനും

യുവജനങ്ങളെ പ്രത്യേകമായും ആരാധനാജീവിതത്തോടു കേന്ദ്രീകരിക്കുന്നതിലും അദ്ദേഹം തികച്ചും ശ്രദ്ധാലുവായിരുന്നു. മാസാദ്യ ശനിയാഴ്ചകളിൽ യുവജനതയോടു ചേർന്ന് പരിശുദ്ധ ജപമാല മുടക്കം കൂടാതെ അദ്ദേഹം നടത്തി പോന്നു. പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിലുള്ള ഇടവകയെ പരിശുദ്ധ അമ്മയോട് ചേർത്തു നിർത്തുവാൻ അച്ചന്റെ ശുശ്രൂഷകൾ വളരെയധികം സഹായിച്ചു.

ശേഷം 2018 ജനുവരി 21-ാം തീയതി ഫാ.റിജോ തോമസ് ഒ.ഐ.സി. ചുമതലയേറ്റു. കേവലം ചുരുങ്ങിയ കാലയളവിൽ മാത്രമാണ് അദ്ദേഹത്തിന്റെ സേവനം ഇടവകയ്ക്ക് ലഭിച്ചത്. 2018 മെയ് 20 ന് ഫാ.യേശുദാസ് ഒ.ഐ.സി. വികാരിയായി നിയമിതനായി. വിശുദ്ധ കുർബാനയോടു ഏറെ ആഭിമുഖ്യം പുലർത്തിയിരുന്ന ഒരു വൈദികനായിരുന്നു അദ്ദേഹം. വിശുദ്ധ ബലിയർപ്പിക്കുന്ന എല്ലാ ദിവസങ്ങളിലും, ദൈവാലയത്തിൽ എത്തിച്ചേരാൻ സാധിക്കാത്ത വയോധികരുടെ ഭവനങ്ങളിൽ വിശുദ്ധ കുർബാനയുമായി എത്തുന്നതിൽ അച്ചൻ പ്രത്യേകം താൽപര്യം കാണിച്ചിരുന്നു. ദൈവാലയത്തിനു പുതുതായി ഒരു മണിമാളിക പണികഴിപ്പിക്കുന്നതും ഈ കാലഘട്ടത്തിലാണ്. കൂടാതെ യുവജന കൂട്ടായ്മയോടു ചേർന്നു "സാന്ത്വനം" ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനും അദ്ദേഹം ഹേതുവായി. ഈ ഇടവകയെ വളർച്ചയുടെ ഉന്നതശ്രേണികളിലേക്കു നയിക്കുവാൻ ഇടയന്മാരായി പ്രവർത്തിച്ച മിശിഹാനുകരണ സന്ന്യാസ സമൂഹത്തോടു പൂങ്കാവ് മലങ്കര കത്തോലിക്കാ ദൈവാലയത്തിലെ വിശ്വാസികൾക്കുള്ള ആത്മബന്ധം പറഞ്ഞറിയിക്കാൻ സാധിക്കാത്തതാണ്. നിരവധി പ്രതിസന്ധികളിലൂടെ കടന്നു പോയ അവസരങ്ങളിലെല്ലാം ഇടവകയെ ചേർത്തുനിർത്തുന്നതിൽ ബഥനി സന്ന്യാസ സമൂഹം ശ്രദ്ധാലുക്കളായിരുന്നു.

ഇടവകയിലെ ദൈവവിളികൾ ഇന്ന് ഏറെ ജോൺ കൃപാനന്ദ് അച്ചൻ, പോൾ മാത്യു അച്ചൻ എന്നിവർ ബഥനി സമൂഹത്തിലെ വൈദികർ ആണ്. ഇടവകയിൽ അന്ത്യവിശ്രമം കൊള്ളുന്ന ഫാ.സക്കറിയാസ് കുഴിപ്പറമ്പിൽ മാത്രമാണ് ഏക രൂപത വൈദികൻ. അതോടൊപ്പം തന്നെ ഇടവകയിൽ നിന്ന് ബഥനി സന്ന്യാസിനി സമൂഹത്തിൽ സിസ്റ്റർ അഗാപ്പെ, സിസ്റ്റർ ജ്യോതിസ്, സിസ്റ്റർ കൃപ എന്നിവരും സേവനം അനുഷ്ഠിക്കുന്നു. പൂങ്കാവ് മലങ്കര കത്തോലിക്കാ ദൈവാലയത്തെ ആത്മീയതയിലും ഭൗതികതയിലും എന്നും പിടിച്ചുയർത്തിയ ബഥനിയോടുള്ള നന്ദിയും കടപ്പാടും കേവലം വാക്കുകളിൽ വരച്ചുകാട്ടാനാവുന്നതല്ല.

ബഥനി സന്ന്യാസവൈദികരുടെ സ്തുത്യർഹമായ ശുശ്രൂഷകൾക്കുശേഷം, രൂപതാ വൈദീകരുടെ പ്രതിനിധിയായി 2020 ജൂൺ 20-ാം തീയതി റവ.ഡോ.സിജോ ജയിംസ് ചരിവുപറമ്പിൽ പൂങ്കാവ് ഇടവകയുടെ സാരഥ്യമേറ്റെടുത്തു. ലോകമെങ്ങും കോവിഡ് ഭീതിയിൽ വിറങ്ങലിച്ചു നിൽക്കുമ്പോഴും, തന്റെ ഇടവക മക്കൾക്കു വിശുദ്ധ കുർബാനനുഭവം നൽകുന്നതിൽ അദ്ദേഹം വിമുഖത കാണിച്ചില്ല. എല്ലാ ദിവസവും വിശുദ്ധ കുർബാനയുടെ ആരാധനയും, ശനിയാഴ്ചകളിൽ പരിശുദ്ധ ദൈവമാതാവിന്റെ നൊവേനയും വിശുദ്ധ കുർബാനയോട് അനുബന്ധിച്ച് മുടക്കം കൂടാതെ നടത്തി വരുന്നു. പത്തനംതിട്ട രൂപത പ്രൊക്യുറേറ്റർ എന്ന കാര്യബഹുലമായ പദവി അലങ്കരിക്കുമ്പോഴും സിജോ അച്ചൻ തന്റെ കൂട്ടായ്മയുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി അക്ഷീണം പ്രയത്നിച്ചു വരുന്നു. ഇടവകയിലെ യുവജനങ്ങളുടെ ശ്രമഫലമായി ഇടവക യിലെ തന്നെ ഭവനം ഇല്ലാത്ത ഒരു കുടുംബത്തെ സാന്ത്വനം ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് ഒരു വീടുകൊടുക്കുവാൻ സാധിച്ചത് സിജോ അച്ചന്റെ കാലത്താണ്.

ഒരു ചെറിയ കൂട്ടായ്മയിൽ നിന്നു തുടങ്ങി ഇന്ന് 104 കുടുംബങ്ങളുള്ള ഒരു വലിയ ഇടവക സമൂഹമായി വളർന്നുപന്തലിച്ചിരിക്കുന്നു പൂങ്കാവ് മലങ്കര കത്തോലിക്കാ ദൈവാലയം. ഇത്രമേൽ ഇടവക എത്തിച്ചേരത്തക്കവിധം പൂർവ്വീകർ ഏറ്റെടുത്ത ത്യാഗവും, സഹിച്ച കഷ്ടതയും, അപമാനവും, ഒറ്റപ്പെടുത്തലുകളുമൊന്നും പുതുതലമുറ വിസ്മൃതിയിൽ തള്ളരുത്. ഏകദേശം 25-ഓളം വരുന്ന വൈദീകശ്രേഷ്ഠരുടെ നിസ്തുലസേവനവും, ബഥനി സിസ്റ്റേഴ്സിന്റ കർമ്മനിരതമായ ശുശ്രൂഷ മനോഭാവവും, ആത്മീയ തീക്ഷ്ണതയും ഈ ഇടവകയ്ക്കു വളർച്ചയുടെ പടവുകൾ താണ്ടുവാൻ ഏറെ സഹായകരമായി

തീർന്നിട്ടുണ്ട്. ആധുനിക സംസ്ക്കാരത്തിന്റെ കുത്തൊഴുക്കിലും വിശ്വാസത്തെ മുറുകെപ്പിടിക്കുവാൻ ഈ സമൂഹത്തെ പഠിപ്പിച്ച ഏവരേയും നന്ദിയോടു സ്മരിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

ഇടവക സ്ഥാപനദിനം/വർഷം - 1947 ജനുവരി 10

ഇടവക മധ്യസ്ഥൻ - പരിശുദ്ധ ദൈവമാതാവ്, വിശുദ്ധ യൂദാ തദേവൂസ്

ഇടവകയിലെ ആകെ കുടുംബങ്ങൾ - 104

ഇടവകയിലെ ദൈവവിളികൾ -

1. ഫാ. സഖറിയാസ് കുഴിപ്പറമ്പിൽ
2. ഫാ. ജോൺ കൃപാനന്ദ് ഒ.ഐ.സി.
3. ഫാ. പോൾ മാത്യു ഒ.ഐ.സി.
4. സി. അഗാപ്പെ എസ്.ഐ.സി.
5. സി. ദ്യോതിസ് എസ്.ഐ.സി.
6. സി. കൃപ എസ്.ഐ.സി.

ഇടവകയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ - ആവേ മരിയ ഷോപ്പിംഗ് കോപ്ലക്സ്

ദൈവാലയം പുതുക്കിപണിത് കൂദാശചെയ്ത തീയതിയും വർഷവും - 1984 സെപ്റ്റംബർ 29

ഇടവകയുമായി ബന്ധപ്പെട്ട സുപ്രധാന ദിനങ്ങൾ -

ഡിസംബർ 8 - പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ

ഒകോടബർ 28 - സെന്റ് ജൂഡ് കുരിശ്ശടി പെരുനാൾ

**ഇടവകയിൽ സേവനം അനുഷ്ഠിച്ച മുൻ വൈദികർ**

1. ഫാ. കെ. തോമസ് ആമ്പശ്ശേരിൽ - 1949 ജനുവരി 20
2. ഫാ. ഗീവറുഗീസ് ചരുവിലേത്ത് - 1950 സെപ്റ്റംബർ 16
3. ഫാ. ജോസഫ് വടക്കേക്കൂറ്റ് - 1952 ഡിസംബർ 13
4. ഫാ. മാത്യു പുറംവാടി -
5. ഫാ. സിറിയക് മണവാളൻ -
6. ഫാ. ഇടിക്കുള പാണ്ടിയത്ത് - 1957 ഒക്ടോബർ 10
7. ഫാ. ഉമ്മൻ അയ്യനേത്ത് - 1959 ഫെബ്രുവരി 12
8. ഫാ. ജോർജ്ജ് പ്ലാവിളയിൽ - 1963 സെപ്റ്റംബർ 1
9. ഫാ. പക്കോമിയോസ് ഒ.ഐ.സി. - 1966 ജൂലൈ 31
10. ഫാ. സ്റ്റൻസിലാവോസ് ഒ.ഐ.സി. - 1968 ജൂലൈ 18
11. ഫാ. ഡാമിയൻ ഒ.ഐ.സി. - 1970 മെയ 15

12. ഫാ. സെലസ്റ്റീൻ ഒ.ഐ.സി - 1974 ഓഗസ്റ്റ് 22

13. ഫാ. ഡാമിയൻ ഒ.ഐ.സി - 1980

14. ഫാ. പയസ് ഒ.ഐ.സി - 1984 ഡിസംബർ 18

15. ഫാ. പീറ്റർ ജോൺ ഒ.ഐ.സി - 1985

16. ഫാ. ബേസിൽ ഒ.ഐ.സി - 1986

17. ഫാ. വറുഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി - 1989

18. ഫാ. ഡാമിയൻ ഒ.ഐ.സി - 1991

19. ഫാ. ഡാനിയേൽ ചേന്നാത്ത് ഒ.ഐ.സി - 2000 ജൂലൈ 16

20. ഫാ. ജറോ പീടികപ്പറമ്പിൽ ഒ.ഐ.സി - 2005

21. ഫാ. ടൈറ്റസ് ജോൺ ഒ.ഐ.സി - 2006

22. ഫാ. തോമസ് ജോർജ്ജ് ഒ.ഐ.സി - 2009 മെയ് 31

23. ഫാ. ബാബു മൈക്കിൾ ഒ.ഐ.സി - 2013 ജൂൺ 2

24. ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി - 2015 ജനുവരി 7

25. ഫാ. റിജോ തോമസ് ഒ.ഐ.സി - 2018 ജനുവരി 21

26. ഫാ. യോശുദാസ് ഒ.ഐ.സി - 2018 മെയ് 20

27. ഫാ. സിജോ ജയിംസ് ചരിവുപറമ്പിൽ - 2020 ജൂൺ 20